# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1439

31/10/2019 ൽ മറുപടിക്ക്

## ഭൂവിവരങ്ങളുടെ ഡിജിറ്റൈസേഷൻ

**ചോദ്യം**
**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഭൂവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ആകെയുള്ള 1664 വില്ലേജുകളിൽ 1649 വില്ലേജുകളിലെയും അടിസ്ഥാന ഭൂ നികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്ത്, പൊതു ജനത്തിന് ഓൺലൈൻ മുഖേന ഏത് രാജ്യത്തിരുന്നും നികുതി അടവാക്കാനുള്ള സംവിധാനം നടപ്പിലായിട്ടുണ്ട്. ബാക്കിയുള്ള 15 വില്ലേജുകളിൽ കൂടി പ്രസ്തുത പദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഭൂമി സംബന്ധമായ വിവരങ്ങൾ ഓൺലൈൻ വഴി പരിശോധിക്കുന്നതിനും, അവ ആധാരം രജിസ്റ്റർ ചെയ്യുന്ന വേളയിൽ ഉൾക്കൊള്ളിക്കുവാനുമുള്ള സൗകര്യം നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഭൂ സംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ എന്നീ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ പരസ്പരം ബന്ധപ്പെടുത്തിയുള്ള സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | നിലവിൽ റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ReLIS, PEARL എന്നീ സോഫ്റ്റ് വെയർ പരസ്പരം ബന്ധപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഒരു ആധാരം രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ അത് വില്ലേജ് ഓഫീസിലേയ്ക്ക് വരികയും പോക്കുവരവ് ചെയ്ത് കഴിഞ്ഞാൽ പൊതു ജനത്തിന് ഓൺലൈൻ മുഖേനയോ വില്ലേജിൽ നേരിട്ട് എത്തിയോ നികുതി അടയ്ക്കാവുന്നതാണ്. എന്നാൽ |

| | | | |
|---|---|---|---|
| | | | സബ്ഡിവിഷൻ ആവശ്യമായ സംഗതികളിൽ സർവ്വെ സ്കെച്ചിൽ ഓൺലൈനായി മാറ്റം വരുത്തുന്നതിനുള്ള ഇന്റഗ്രേഷൻ ഇതുവരെ നടപ്പിലായിട്ടില്ല. റീസർവ്വെ പൂർത്തിയായ വില്ലേജുകളിലെ സ്കെച്ചുകൾ ഓൺലൈനിൽ അപഡേറ്റ് ചെയ്ത് "ഭൂ-നക്ഷ" എന്ന സോഫ്റ്റ് വെയർമുഖേന ReLIS, PEARL എന്നിവയുമായി ഇന്റഗ്രേഷൻ നടത്തുന്നതിനുള്ള പ്രവർത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ഡി) | നികുതി അടയ്ക്കുവാൻ വില്ലേജാഫീസുകളിൽ ആരംഭിച്ച ഇ-പോസ് സംവിധാനം ഫലപ്രദമാണോയെന്നറിയിക്കാമോ? | (ഡി | സംസ്ഥാനത്ത് ആകെ 827 വില്ലേജുകളിൽ 10,810 രസീതുകളിലായി 1,3,14,349 രൂപ നാളിതുവരെ ഇ-പോസ് മെഷീൻ മുഖേന സ്വീകരിച്ചിട്ടുണ്ട്. പണമിടപാട് നടക്കുന്ന എല്ലാ സർക്കാർ ഓഫീസുകളിലും ഫെഡറൽ ബാങ്കിന്റെ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കാം എന്ന ധനവകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫെഡറൽ ബാങ്ക് സൗജന്യമായിട്ടാണ് ടി മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളത്. ടി മെഷീനുകൾ സ്ഥാപിച്ചതുവഴി വകുപ്പിന് പണം ചെലവായിട്ടില്ല എന്നുള്ള വസ്തുതയും നാളിതുവരെയുള്ള കളക്ഷനും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ടി പദ്ധതി ഫലപ്രദമാണെന്ന് വിലയിരുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ